No.CEE/5500/2017/KEAM-2018/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം
# KEAM-2018
## ബി.എസ്.സി (അഗ്രിക്കൾച്ചർ) കോഴ്സ് പ്രവേശനം
## വി.എച്ച്.എസ്.ഇ (അഗ്രിക്കൾച്ചർ) പാസ്സായ വിദ്യാർത്ഥികൾ സർട്ടിഫിക്കറ്റ് സമർപ്പിക്കണം

സർക്കാർ അംഗീകൃത KEAM 2018 പ്രോസ്പെക്ടസിലെ ക്ലോസ് 5.2.15(i) പ്രകാരം വി.എച്ച്.എസ്.ഇ (അഗ്രിക്കൾച്ചർ) കോഴ്സ് പാസ്സായ വിദ്യാർത്ഥികൾക്ക് B.Sc (Hons) അഗ്രിക്കൾച്ചർ കോഴ്സിൽ 6 സീറ്റുകൾ പ്രത്യേകം സംവരണം ചെയ്തിട്ടുണ്ട്. ആയതിലേയ്ക്ക് വി.എച്ച്.എസ്.ഇ (അഗ്രിക്കൾച്ചർ) കോഴ്സ് പാസ്സായിട്ടുള്ള വിദ്യാർത്ഥികൾ 2018 മാർച്ച് 31-നകം KEAM 2018 അപേക്ഷയുടെ പ്രിന്റൗട്ടിനോടൊപ്പം വി.എച്ച്.എസ്.ഇ (അഗ്രിക്കൾച്ചർ) സർട്ടിഫിക്ക് സമർപ്പിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു. എന്നാൽ 22.05.2018 തീയതിയിലെ സ.ഉ(സാധാ) നം. 993/2018/ഉ.വി.വ സർക്കാർ ഉത്തരവ് പ്രകാരം ഈ വർഷം മാർച്ചിൽ പരീക്ഷയെഴുതി മെയ് മാസത്തിൽ ഫലം വന്നിട്ടുള്ള വിദ്യാർത്ഥികൾക്കു കൂടി പ്രസ്തുത സംവരണ സീറ്റുകളിലേയ്ക്ക് അപേക്ഷിക്കാൻ അവസരം നൽകിക്കൊണ്ട് പ്രോസ്പെക്ടസ് വ്യവസ്ഥ ഭേദഗതി ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ 2018-ലെ മെഡിക്കൽ/അനുബന്ധ കോഴ്സുകൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷിച്ച ശേഷം അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഇതിനോടകം സമർപ്പിച്ചിട്ടുള്ളതും 2018 മാർച്ചിൽ പരീക്ഷ എഴുതി വി.എച്ച്.എസ്.ഇ (അഗ്രിക്കൾച്ചർ) കോഴ്സ് പാസ്സായതുമായ വിദ്യാർത്ഥികൾക്ക് B.Sc (Hons) അഗ്രിക്കൾച്ചർ കോഴ്സിൽ പ്രത്യേകം സംവരണം ചെയ്തിട്ടുള്ള സീറ്റുകളിൽ പ്രവേശനം ആഗ്രഹിക്കുന്ന പക്ഷം അവർ വി.എച്ച്.എസ്.ഇ (അഗ്രി.) പാസ്സായ സർട്ടിഫിക്കറ്റ് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്. KEAM 2018 അപേക്ഷയുടെ പ്രിന്റൗട്ടിന്റെ പകർപ്പിനൊപ്പമോ KEAM 2018 അപ്ലിക്കേഷൻ നമ്പർ കാണിച്ചുകൊണ്ട് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അഭിസംബോധന ചെയ്തുകൊണ്ടുള്ള അപേക്ഷയോടൊപ്പമോ വി.എച്ച്.എസ്.ഇ (അഗ്രി) സർട്ടിഫിക്കറ്റിന്റെ, സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് **13.06.2018 (ബുധനാഴ്ച) വൈകുന്നേരം 5 മണിയ്ക്കകം** **<u>പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം, അഞ്ചാം നില, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം-695001</u>** എന്ന വിലാസത്തിൽ നേരിട്ടോ, രജിസ്റ്റേർഡ് തപാൽ/സ്പീഡ് പോസ്റ്റ് മുഖാന്തിരമോ എത്തിയ്ക്കേണ്ടതാണ്. നിശ്ചിത സമയത്തിനകം സർട്ടിഫിക്കറ്റിന്റെ പകർപ്പ് സമർപ്പിക്കാത്ത വിദ്യാർത്ഥികളെ ബന്ധപ്പെട്ട കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതല്ല. പോസ്റ്റൽ കാലതാമസത്തിന് പ്രവേശന പരീക്ഷാ കമ്മീഷണർ ഉത്തരവാദിയായിരിക്കുന്നതല്ല.

ഹെൽപ് ലൈൻ നമ്പർ : **0471 2339101, 2339102, 2339103, 2339104**

തിരുവനന്തപുരം
04.06.2018

Santhosh Kumar

**പ്രവേശന പരീക്ഷാ കമ്മീഷണർക്കുവേണ്ടി**